
ഇൻഫർമേഷ്യ
(ഡിജിറ്റൽ മാഗസിൻ)
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
എം.ഐ ഹയർസെക്കണ്ടറി സ്കൂൾ പൊന്നാനി

# ആമുഖം

എം.ഐ ഹയർസെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൻെറ പഠന പ്രവർത്തനത്തിൻെറ  ഭാഗമായി  തയ്യാറാക്കിയിട്ടുള്ളതാണ് ഈ മാഗസിൻ.

2018 ജൂലൈ മാസം പ്രവർത്തനം ആരംഭിച്ച യൂണിറ്റിൽ 39 കുട്ടികൾ അംഗങ്ങളായിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും സ്കൂൾ സാഹിത്യ ക്ലബിൻെറയും  സഹകരണത്തോടെയാണ് ഈ മാഗസിൻ പൂർത്തിയാക്കിയത്.

പത്രാധിപസമിതി

# <u>ചരിത്രത്തിലൂടെ</u>

ചരിത്രത്തിലും, ഐതിഹ്യത്തിലും പൊന്നാനിയുടെ സ്ഥാനം കുറച്ചൊന്നുമല്ല. ആഴ്വഞ്ചേരി തമ്പ്രാക്കളുടെ പൊന്നാന നടന്ന സ്ഥലമാണ് പൊന്നാനി എന്നൊരു ഐതിഹ്യകഥയുണ്ടിവിടെ. "ഹിരണഗർഭം" എന്ന ചടങ്ങ് കഴിഞ്ഞ് ധാനമായി കിട്ടിയ പൊന്നാനയേയും, പൊൻപശുവിനേയും കൊണ്ട് ഇവിടത്തെ കടവത്ത് വന്നിറങ്ങിയ തമ്പ്രാക്കളോട് ചത്ത ജന്തുക്കൾക്കുള്ള അവകാശം തങ്ങൾക്കാണെന്ന് പറയനായ പാക്കനാർ വാദിച്ചു. അതീന്ദ്രിയ സിദ്ധിയിലൂടെ അവയ്ക്ക് ജീവൻ നല്കി തമ്പ്രാക്കൾ നടത്തി കൊണ്ടു പോയത്രേ. ഈ പൊന്നാന നടന്ന സ്ഥലമാണ് ഐതിഹ്യത്തിലെ പൊന്നാനി.

ഭാരതപ്പുഴയും പൂക്കൈതപ്പുഴയും അറബിക്കടലും പ്രക്രതികനിഞ്ഞരുളി അനുഗ്രഹിച്ച ഭൂപ്രദേശം ഇടശ്ശേരിയും,ഉറൂബും,കടവനാട്കുട്ടികൃഷ്ണനും, കെ.സി.എസ് പണിക്കരും സാഹിത്യ സാംസ്കാരിക രംഗത്തെ ഒട്ടേറെ മഹാരഥന്മാർ നടന്ന് നീങ്ങിയ മണ്ണ് ചരിത്രത്തിലെ ഒരു വിസ്മയഭൂമികയാണ് പൊന്നാനി.

എ.ഡി 1900 ത്തിൽ മുസ്ലീം സമുദായത്തിൻെറ ഉന്നമനത്തിനു വേണ്ടി പൊന്നാനിയിൽ മൗഊനത്തുൽ ഇസ്ലാം സഭ സ്ഥാപിതനമായി.1947 ൽ സഭയുടെ എലിമെൻ്ററി സ്കൂൾ തേഡ് ഫോറം ആരംഭിച്ചു.

മുഴുവൻ അധ്യാപകരുടെയും അനധ്യാപകരുടെയും പിടിഎയുടെയും സേവനവും പങ്കാളിത്തവും ഉറപ്പുവരുത്തിക്കൊണ്ട് ഹെഡ്മാസ്റ്റർ ടി.എം സൈനുദ്ദീൻ മാസ്സ്റ്ററുടെ നേതൃത്വത്തിൽ നടന്നു വരുന്ന അക്കാദമിക് പ്രവർത്തനങ്ങളും ഓരോ വിദ്യാർത്ഥിയുടെയും വ്യക്തിത്വ വികസനത്തിലൂന്നിയ പ്രവർത്തനങ്ങളും ഇന്ന് എംഐ സ്കൂളിനെ മികച്ച ഒരു സ്ഥാപനമാക്കി മാറ്റിയിരിക്കുന്നു.

തീരദേശമേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാലയം എന്ന നിലയിൽ ഈ നാടിൻെറ സാമൂഹ്യസാഹചര്യങ്ങളിൽ പൊരുത്തപ്പെട്ടു പോകുന്ന ഒട്ടേറെ പദ്ധതികൾ വിദ്യാലയത്തിൽ നടന്നു വരുന്നു.

# 2018-19 ചിത്രങ്ങളിലൂടെ



## സ്കൂൾ അസംബ്ലി







M.I.H.S.S PONANI
വിദ്യാലയം
ജനങ്ങളുടെ അരികിലേക്ക്...
അക്കാദമിക്
മാസ്റ്റർ പ്ലാൻ
പദ്ധതി
നിർവ്വഹണം
MIHSS പൊന്നാനി
കോർണർ പി.ടി.എ
പാരന്റിംങ്: അൻവർ സാദിഖ് എം.പി
മോട്ടിവേഷണൽ സ്പീക്കർ & ട്രെയ്നർ
2018 നവംബർ 9 വെള്ളി ഉച്ചയ്ക്ക് 2.30ന്
ബദ്‌രിയ മദ്രസ, മരക്കടവ് പൊന്നാനി




MIHSS പൊന്നാനി
അക്കാദമിക് മാസ്റ്റർ പ്ലാൻ
പദ്ധതി സമർപ്പണം:
പൊന്നാനിപ്പെരുമ
പ്രാദേശിക ചരിത്ര പഠനം
അവതരണം: ടി.വി. അബ്ദുറഹ്മാൻകുട്ടി മാസ്റ്റർ
2018 ഒക്ടോബർ 20 ശനി രാവിലെ 11 മണിക്ക്
സ്കൂൾ ഓഡിറ്റോറിയം